**Chicago Knanaya Catholic Parish Bulletin**
Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Parish, 7800 W. Lyons St., Morton Grove, IL 60053
July 18, 2010, Vol. 5, Issue 43
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm



# Our Church Consecration



**On Sunday, July 18th at 9:30 A.M.**
At 7800 W. Lyons St., Morton Grove, IL 60053.

**SCHEDULE:**
9:00 A.M. Parishioners gather for reception.
9:30 A.M. Reception to Distinguished Guests
9:45 A.M. Church Consecration
10:15 A.M. Holy Mass
12:00 Noon Public Meeting
12:45 P.M. Lunch and socialization
12:50 P.M. Visitation Convent Blessing

**Main Celebrants:**
**Archbishop Mar Mathew Moolakkatt**
**Bishop Mar Jacob Angadiath**
**Bishop Mar Joseph Pandarasseril**

**Other Distinguished Guests:**
Very Rev. Msgr. George Madathilparambil, Vicar General
Rev. Fr. Roy Joseph Kaduppil, Chancellor
Rev. Fr. Vinod Madathilparambil, Diocesan Finance Officer
Rev. Fr. Anthony Thundathil, Cathedral Vicar
Rev. Fr. Simon Edathilparambil, Former Chicago Knanaya Mission Director
Rev. Fr. Mathew Manakkatt, President of Paurasthya Vidya Peedham, Kottayam
Mr. Thomas Chazhikadan M.L.A.
Mr. Mons Joseph M.L.A.
Sr. Merin S.V.M., Mother General of Visitation Congregation
Sr. Annie John S.J.C., Mother General of St. Joseph's Congregation
Prof. Babu Thomas Poozhikkunnel, Secretary of Knanaya Catholic Congress.







## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Maywood.**
**ENGLISH MASS at 11:40 A.M. at Maywood.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago.**
**THURSDAY 7:00 P.M. Community Center.**
**FRIDAY 7:00 P.M. at Maywood.**
**SATURDAY 10:00 A.M. at Maywood.**

## SYRO-MALANKARA MASS

**Third Saturdays of the month at 10:00 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M. at Maywood and Morton Grove from September 12th.**

## SACRAMENT OF RECONCILIATION (CONFESSION)

**Every Sunday from 10:00 A.M. at Maywood.**
**First and Third Sundays from 3:45 P.M. at OLV.**

## ADORATION

**ALL: First Fridays after Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**




July 2010

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

### FRIDAY, JULY 16, 2010

Feast of Our Lady of Mount Carmel.
Reception to Archbishop Mar Mathew Moolakkatt, Bishop Mar Joseph Pandarasseril, and other dignitaries at Chicago O'Hare airport.
Holy Mass and novena of St. Michael at Maywood at 7:00 P.M.

### SATURDAY, JULY 17, 2010

Holy Mass and novena at Maywood at 10:00 A.M.
Church Consecration in Detroit at 9:30 A.M.
Preparations for church consecration at Morton Grove.

### SUNDAY, JULY 18, 2010

**Church Consecration of St. Mary's Knanaya Catholic Church at 7800 W. Lyons St., Morton Grove and inaugural meeting of St. Mary's Knanaya Catholic Parish of Chicago at 9:30 A.M. by His Grace Mar Mathew Moolakkatt, H.E. Mar Jacob Angadiath, and H.E. Mar Joseph Pandarasseril.**
**Blessing of Visitation Convent, Chicago at 12:50 P.M.**
No Holy Mass at Sacred Heart Church, Maywood because of St. Mary's Church consecration.
No evening Mass at both churches.
7:00 P.M. Appreciation Dinner for Bishops, dignitaries and volunteers of Sacred Heart Church at Maywood parish hall.

### MONDAY, JULY 19, 2010

First Holy Mass in the Visitation Convent chapel at 9:00 A.M.

### WEDNESDAY, JULY 21, 2010

Church Consecration in San Antonio at 5:00 P.M.

### THURSDAY, JULY 22, 2010

7:00 P.M. Holy Mass and novena of St. Jude at Morton Grove.

### FRIDAY, JULY 23, 2010

Holy Mass at Maywood at 7:00 P.M.

### SATURDAY, JULY 24, 2010

Holy Mass and novena at Maywood at 10:00 A.M.

### SUNDAY, JULY 25, 2010

Feast Day of St. Jacob
Feast Celebration of St. Alphonsa at Maywood at 10:00 A.M.
Holy Mass at Morton Grove at 5:30 P.M.

### MONDAY, JULY 26, 2010

Death Anniversary of Bishop Mar Thomas Tharayil. (1975).
Church Consecration in Dallas at 9:30 A.M.

### WEDNESDAY, JULY 28, 2010

Feast Day of St. Alphonsa.
Foundation Stone laying for Knanaya Church in Houstton at 6:30 P.M.

### THURSDAY, JULY 29, 2010

7:00 P.M. Holy Mass and novena of St. Jude at Morton Grove.

### FRIDAY, JULY 30, 2010

Holy Mass at Maywood at 7:00 P.M.

### SATURDAY, JULY 31, 2010

Syro-Malankara Mass and novena at Maywood at 10:00 A.M.



# വികാരിയുടെ സന്ദേശം

## ക്നാനായ റീജിയണിൽ പള്ളികൂദാശകളുടെ മഹാപരമ്പര

എന്റെ പ്രിയ സഹോദരങ്ങളേ,

ഏറെ നാളത്തെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമായി, നാം പ്രതീക്ഷയോടെ കാത്തിരുന്ന പുണ്യദിനങ്ങൾ സമാഗതമായി. ഷിക്കാഗോ സെന്തോമസ് സീറോമലബാർ രൂപതയുടെ ഭാഗമായ ക്നാനായ കാത്തലിക് റീജിയണ് ഇനിയുള്ള ദിനങ്ങൾ ചരിത്രത്തിന്റെ തങ്ക ലിപികളാൽ ആലേഖനം ചെയ്യപ്പെടുന്നവയാണ്. ഡിട്രോയിറ്റ്, ഷിക്കാഗോ, സാൻ അന്റോണിയോ, ഡാലസ്, ലോസ് ആഞ്ചലസ്, ടാമ്പാ എന്നിവിടങ്ങളിലെ പള്ളികളുടെ കൂദാശയ്ക്കും, ഹ്യൂസ്റ്റണിലെ ദൈവാലത്തിനു ശിലാസ്ഥാപനം നിർവ്വഹിക്കുന്നതിനും, ഷിക്കാഗോയിലും ലോസ് ആഞ്ചലസിലും വിസിറ്റേഷൻ കോൺവെന്റ് വെഞ്ചരിക്കുന്നതിനുമായി അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായും, മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവും, കോട്ടയം അതിരൂപതയിൽനിന്നുള്ള പല വൈദികരോടും സന്യാസിനികളോടും അല്മായ പ്രമുഖരോടുമൊപ്പം ജൂലൈ 16നു ഷിക്കാഗോയിൽ വന്നുചേരുന്നു. അവർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

പ്രവാസി ക്നാനായക്കാർ അഞ്ചാമതായി വാങ്ങിയ ഡിട്രോയിറ്റിലെ സെന്റ് മേരീസ് ദൈവാലയത്തിന്റെ കൂദാശ ജൂലൈ 17 ശനിയാഴ്ച രാവിലെ 9:30നു നടക്കും. അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട്, മാർ ജേക്കബ് അങ്ങാടിയാത്ത്, മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നീ പിതാക്കന്മാർ പള്ളികൂദാശയ്ക്കു കാർമ്മികരായിരിക്കും. ചുരുങ്ങിയ നാൾകൊണ്ട് ഡിട്രോയിറ്റിലെ ചെറിയ ക്നാനായ സമൂഹം കൈവരിച്ച ഈ നേട്ടത്തിന് മിഷൻ ഡയറക്ടർ ഫാ. മാത്യു മേലേടത്തിനും പള്ളി കമ്മറ്റിക്കാർക്കും അവർക്കു പിൻബലമായി നിന്ന അസ്സോസിയേഷൻ ഭാരവാഹികൾക്കും അനുമോദനം അർപ്പിക്കുന്നു. പള്ളി സ്ഥാപനത്തിന് അവിടെ പ്രതികൂല തരംഗം ഉണ്ടായിരുന്നുവെങ്കിലും ഫാ. മാത്യു മേലേടത്തിന്റെ ഡിട്രോയിറ്റിൽ താമസിച്ചുള്ള പൂർണ്ണ സേവനവും സ്ഥിരോത്സാഹവും സാമുദായിക ഐക്യത്തിനും സഭാപരമായ വളർച്ചയ്ക്ക് അവിടെ വഴിയൊരുക്കി. വൈദികരുടെ പൂർണ്ണ സേവനം സ്വീകരിക്കാത്ത മറ്റു ക്നാനായ കേന്ദ്രങ്ങൾക്ക് ഇത് ഉദാത്ത മാതൃകയാണ്.

വടക്കേ അമേരിക്കയിലെ ഏറ്റവും വലിയ ക്നാനായ കേന്ദ്രമായ ഷിക്കാഗോയിലെ രണ്ടാമത്തെ പള്ളി മാതാവിന്റെ നാമത്തിൽ മോർട്ടൻ ഗ്രോവിൽ കൂദാശ ചെയ്യപ്പെടുന്നത് ജൂലൈ 18 ഞായറാഴ്ച രാവിലെ 9:30നാണ്. മേൽപറഞ്ഞ മൂന്നു പിതാക്കന്മാർ കാർമ്മികത്വം വഹിക്കുന്ന ഈ കൂദാശാ കർമ്മത്തിന് മാസങ്ങളായി തയ്യാറെടുപ്പു നടന്നു വരികയായിരുന്നു. 2.7 മില്യൺ ഡോളർ വിലമതിക്കുന്ന ഈ പള്ളിയ്ക്കുവേണ്ടി ധന സമാഹരണം നടത്തിയ തമ്പി വിരുത്തികുളങ്ങര, പോൾസൺ കുളങ്ങര, സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവരുടെ നേതൃത്വത്തിലുള്ള ഫണ്ട് റൈസിംഗ് കമ്മറ്റി ഏറെ പ്രശംസ അർഹിക്കുന്നു. പള്ളിയ്ക്കു ലോണിനുവേണ്ടി പേഴ്സണൽ ഗാരന്റിനിന്ന ജെയ്ബു കുളങ്ങര, ഫ്രാൻസീസ് കിഴക്കേക്കുറ്റ്, ഷാജി എടാട്ട്, ജോസ് ഐക്കരപ്പറമ്പിൽ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. പള്ളി യാഥാർത്ഥ്യമാക്കുവാൻ സെന്റ് മേരീസ് യൂണിറ്റിനുവേണ്ടി 2006 മുതൽ അഹോരാത്രം അദ്ധ്വാനിച്ച കൈക്കാരന്മാർ, മതബോധന പ്രവർത്തകർ, ദൈവാലയ ശുശ്രൂഷികൾ, ഗായക സംഘാംഗങ്ങൾ, ഫൈനാൻസ് ഓഫീസേഴ്സ്, ഓ.എൽ.വി. പള്ളിക്കാർ എന്നിവരുടെ സഹകരണം പ്രശംസനീയമാണ്. നാളിതുവരെ ക്നാനായ മിഷന്റെ ആവശ്യങ്ങൾക്ക് കമ്മ്യൂണിറ്റി സെന്റർ ലഭ്യമാക്കിയ വിവിധ കാലഘട്ടങ്ങളിലെ കെ.സി.എസ്. ഭാരവാഹികൾക്ക് നന്ദി അർപ്പിക്കുന്നു.

നോർത്ത് വെസ്റ്റ് സബേർബൻ ജ്യൂവിഷ് കമ്മ്യൂണിറ്റിയോടാണല്ലോ നാം പള്ളിയ്ക്കുവേണ്ടി സിനഗോഗ് വാങ്ങിയത്. അത് സീറോ മലബാർ പാരമ്പര്യപ്രകാരമുള്ളതും, അമേരിക്കൻ പള്ളികൾ കണ്ടു ശീലിച്ച നമ്മുടെ പുത്തൻ തലമുറയ്ക്ക് ആകർഷകവുമാകത്തക്കവിധം പുനഃസംവിധാനം ചെയ്തു നിർമ്മിച്ചതിൽ ഏറിയ പങ്കു വഹിച്ച ആർട്ടിസ്റ്റ് നാരായണൻ കുട്ടപ്പൻ പ്രശംസയും നന്ദിയും അർഹിക്കുന്നു. പള്ളിയുടെ പുനഃസംവിധാന പണികൾക്കു മേൽനോട്ടം വഹിച്ച കൈക്കാരന്മാരായ ബിജു കിഴക്കേക്കുറ്റ്, പീറ്റർ കുളങ്ങര, സാബു തറത്തട്ടേൽ എന്നിവർ സ്തുത്യർഹ സേവനം അനുഷ്ഠിച്ചു വരുന്നു.

ഷിക്കാഗോയിൽ വിസിറ്റേഷൻ കോൺവെന്റ് ആരംഭിക്കുവാനും, മഠത്തിനു സ്വന്തം കെട്ടിടം വാങ്ങി പള്ളികൂദാശയെ തുടർന്ന് വെഞ്ചരിക്കുവാനും കഴിയുന്നത് ദൈവകൃപയാണ്. ഷിക്കാഗോയിൽ കോൺവെന്റ് അനുവദിച്ച വിസിറ്റേഷൻ കോൺഗ്രിഗേഷനും അതിന്റെ മദർ ജനറൽ സി. മെറിനും നന്ദി അറിയിക്കുന്നു. കോൺവെന്റിലെ ആദ്യ അംഗങ്ങളായി വരുന്ന സി. സേവ്യർ കൂപ്ലിക്കാട്ട്, സി. അനുഗ്രഹ പുലിക്കുട്ടിൽ, സി. ജെസ്സീനാ മണലേൽ എന്നിവരെ സ്നേഹത്തോടെ നമ്മുടെ ഇടവകയിലേയ്ക്കു സ്വാഗതം ചെയ്യുന്നു. അവരുടെ, പ്രത്യേകിച്ച് സി. സേവ്യറിന്റെ സേവനം നമ്മുടെ രണ്ട് ഇടവകകൾക്കും ലഭ്യമായിരിക്കും. അവർക്ക് ആവശ്യമായ സഹകരണം നല്കണമെന്ന് ഏവരോടും അഭ്യർത്ഥിക്കുന്നു. കോൺവെന്റിനാവശ്യമായ കെട്ടിടം വാങ്ങുന്നതിനു സഹായിച്ച പോൾസൺ കുളങ്ങര, ജോസ് പിണർകയിൽ, സാബു തറത്തട്ടേൽ എന്നിവർക്കു പ്രത്യേകം

## നുറുങ്ങുവെട്ടം

**മുൾചെടിയിൽ വിരിയുന്ന പുഷ്പത്തിന് മനോഹാരിതയും സൗരഭ്യവും ഏറും.**



## പള്ളി കൂദാശയ്ക്കു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഡ്രസ് കോഡ് പാലിക്കുക. മാതാവിന്റെ പേരിലുള്ള പള്ളിയായതിനാൽ നീലയും വെള്ളയും നിറങ്ങളാണ പ്രതീക്ഷിക്കുന്നത്.
2. വാഹനങ്ങളുടെ എണ്ണം കുറയ്ക്കുവാൻ കഴിവതും കാർപൂൾ ചെയ്യുക. വലിപ്പം കുറഞ്ഞ കാറുകൾ ഉപയോഗിക്കുക.
3. പാർക്കിംഗ് നിയന്ത്രിക്കുന്നവരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക.
4. അയല്പക്കക്കാരുടെ ഡ്രൈവ് വേ ബ്ളോക്ക് ചെയ്യാതെ പാർക്കിംഗ് നിയമങ്ങൾ പാലിക്കുക.
5. പരിസരവും ബാത്ത് റൂമും വൃത്തിയായി സൂക്ഷിക്കുക.
6. പള്ളിയിൽ ഭക്ഷണം പ്രവേശിപ്പിക്കരുത്.

## DRESS CODE FOR OUR CHURCH CONSECRATION

**Adult Ladies:** Set saree and blue blouse.
**Young Ladies:** Blue Churidar or set saree and blue blouse.
**Girls:** Blue skirt and white blouse

**Men:** Mundu blue lines and blue or white shirt.
**Boys:** Black pants and blue shirt

## FEAST CELEBRATIONS

St. Alphonsa on July 25th at Maywood.
St. James (Jacob) on August 1st at Maywood.

**THE FIRST MAIN FEAST OF MORTON GROVE CHURCH On August 6, 7, & 8.**








## Jesus Youth of America; Midwest kids camp

Wednesday August 11th – Saturday, August 14th.
9:00 AM – 6:00 PM for KG to 5th Grade
(No late arrivals or early departures please)
**At least half a day of parental volunteering is required**
At Mar Thoma Sleeha Syro-Malabar Cathedral
5000 St. Charles Rd, Bellwood, IL 60104
Registration Fee: $50 per child
For details contact: ***George Pullorkunnel;* 630-776-6001**

## UPCOMING EVENTS OF KNANAYA REGION

**Wednesday, July 21**
5:00 P.M. **Church Consecration in San Antonio**
**Monday, July 26**
10:00 A.M. **Church Consecration in Dallas.**
**Wednesday, July 28**
6:30 P.M. **Foundation Stone for Church in Houston**
**Saturday, July 31**
12:30 P.M. **Visitation Convent Blessing in Los Angeles**.
2:00 P.M. **Church Consecration in Los Angeles**
**Sunday, August 1**
3:00 P.M. **Church Consecration in Tampa**

## RECEPTION TO CARDINAL TELESPHORE P. TOPPO

The Knanaya Catholic Community will give a reception to Cardinal Telesphore P. Toppo, the Archbishop of Ranchi along with Archbishop Mar Mathew Moolakatt and Bishop Mar Jacob Angadiath at Morton Grove Church on Tuesday, August 3, 2010 at 7:00 P.M. There will be a banquet with minimum $100 donation for the proposed Medical College in Ranchi by the Catholic Bishops' Conference of India (CBCI). Please reserve your seat with trustees of Maywood or Morton Grove Church.



*(Continued from page 3)*

നന്ദി.

ഇപ്രാവശ്യത്തെ പള്ളി കൂദാശകളിൽ ഏറെ ശ്രദ്ധാർഹമാണ് സാൻ അന്റോണിയോയിലേത്. കേവലം 21 കുടുംബങ്ങളുള്ള ആ മിഷനിൽ മാസത്തിൽ ഒരു കുർബാന വീതം ഹ്യൂസ്റ്റണിലെ മിഷൻ ഡയറക്ടറായ ഫാ. ജയിംസ് ചെരുവിൽ അർപ്പിച്ചു വരുന്നു. ആ മിഷനിലെ അംഗങ്ങൾ മറ്റു ഞായറാഴ്ചകളിലും ഒരേ അമേരിക്കൻ പള്ളിയിൽ ഒരു കുർബാനയ്ക്കു പതിവായി ഒന്നിച്ചു പങ്കെടുക്കുകയും തുടർന്ന് പള്ളിയുടെ ക്ലാസ് മുറികൾ വാടകയ്ക്കെടുത്ത് കുട്ടികളുടെ മതബോധന ക്ലാസും മുതിർന്നവരുടെ സ്നേഹകൂട്ടായ്മയും നടത്തിവരുന്നു. സ്വന്തമായി പള്ളിയോ പൂർണ്ണമായ വൈദിക സേവനമോ ലഭിക്കാത്ത പ്രവാസി ക്നാനായക്കാർക്ക് ഉത്തമ മാതൃകയാണിത്.

സാൻ അന്റോണിയോയിലെ മിഷനിൽ സജീവമായി സഹകരിക്കുന്നവർ ഒന്നുചേർന്ന് പള്ളിക്കു വേണ്ടി കെട്ടിടം വാങ്ങി ഇടവകയായി ഉയരുന്നത് കത്തോലിക്കാ സഭാ ചരിത്രത്തിൽ തന്നെ വേറിട്ട സംഭവമാണ്. അതിനു നേതൃത്വം നല്കിയവരേയും അവർക്കു സഹായവും ലോണും നല്കി സഹകരിച്ചവരേയും അഭിനന്ദിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്യുന്നു.

അടുത്ത ആഴ്ച കൂദാശ ചെയ്യപ്പെടുന്ന ഡിട്രോയിറ്റ്, സാൻ അന്റോണിയോ എന്നിവിടങ്ങളിലെ എല്ലാ വൈദികർക്കും അവരുടെ സഹപ്രവർത്തകർക്കും അനുമോദനം അർപ്പിക്കുന്നു. നമ്മുടെ പള്ളികൾ കൂദാശ ചെയ്യുവാൻ എത്തുന്ന അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും അത്മായ നേതാക്കൾക്കും സ്വാഗതം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

# ദൈവാലയ സംവിധാനം

ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ മെത്രാൻ

**(1) ദൈവാലയം.** കിഴക്കോട്ടു തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കത്തക്ക വിധമാണ് പള്ളികൾ പണിയുക. അതായത് കിഴക്കുപടിഞ്ഞാറ് ദർശനമായി. ഉൽപത്തി 2:8 - *കിഴക്ക് ഏദനിൽ ഒരു തോട്ടം നിർമ്മിച്ച്, താൻ രൂപം കൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു.* എവിടെ നിന്ന് പുറത്താക്കപ്പെട്ടോ അങ്ങോട്ടുള്ള യാത്രയാണ് ക്രൈസ്തവ ജീവിതം - ഏദനിലേക്ക്, സ്വർഗ്ഗത്തിലേക്ക്, അതിനുള്ള യാത്രാഭക്ഷണമാണ് വി. കുർബാന.

**(2) മദ്ബഹ.** അതിവിശുദ്ധ സ്ഥലമാണ്. കിഴക്കു പടിഞ്ഞാറായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ കിഴക്കേ അറ്റത്താണ മദ്ബഹ. ദൈവത്തിന്റെ സിംഹാസനമാണത് (ത്രോണോസ്). മദ്ബഹായുടെ മേൽക്കൂട് ഉയർന്നതാണ് (തോറ). ഉദയസൂര്യന്റെ കിരണങ്ങൾ മദ്ബഹായിൽ പതിയത്തക്ക വണ്ണവുമാണ് അതിന്റെ ക്രമീകരണം. മദ്ബഹാ സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. കെസ്ത്രോമായിൽനിന്ന് മൂന്നു പടികൾ ഉയരത്തിലാണ് മദ്ബഹാ. മൂന്നു പടികൾ ഗാഗുൽത്തായുടെ പ്രതീകമാണ്. സ്വർഗ്ഗീയ ജറുസലേമിനെ സൂചിപ്പിക്കുന്നു. മദ്ബഹ സീനായ് മലയുടെ പ്രതീകമാണ്. അതിനുചുറ്റും വേലികെട്ടി അതിർത്തി തിരിച്ചിരിക്കുന്നു. *സീനായ് മലയിലേക്കു കയറാൻ ജനങ്ങൾക്കു കഴിയുകയില്ല. കാരണം, ചുറ്റും അതിർത്തി നിർണ്ണയിച്ച് മലയെ വിശുദ്ധ സ്ഥലമായി പരിഗണിക്കാൻ അങ്ങുതന്നെ ഞങ്ങളോട് കല്പിച്ചിട്ടുണ്ടല്ലോ.* ഈ അതിർത്തി നിർണ്ണയമാണ് മദ്ബഹായിലെ അഴിക്കാൽ. സ്വർഗ്ഗം പ്രകാശത്തിന്റെ സ്ഥലമാണ്. അതുകൊണ്ടാണ് മദ്ബഹായിൽ ധാരാളം ലൈറ്റുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നത്.

**(3) മാർത്തോമാ സ്ലീവാ** നസ്രാണി കത്തോലിക്കാവിശ്വാസത്തിന്റെ ഏറ്റവും വലിയ അടയാളമായ മാർത്തോമാ സ്ലീവാ കിഴക്കേ ഭിത്തിയിൽ സ്ഥാപിക്കുന്നു. ക്രൂശിതരൂപമില്ലാത്ത സ്ലീവാ ഉത്ഥിതനായ ഈശോയെയും അവന്റെ മഹത്വപൂർണ്ണമായ രണ്ടാം വരവിനെയും സൂചിപ്പിക്കുന്നു.

**(4) മദ്ബഹാവിരി** മദ്ബഹായ്ക്കും കെസ്ത്രോമായ്ക്കും മദ്ധ്യേയുള്ള വിരി. സ്വർഗ്ഗീയ രഹസ്യങ്ങളുടെ അഗ്രാഹ്യതയും നിഗൂഢതയും സൂചിപ്പിക്കുന്നു. ഭൂമിയിലെ സഭ കണ്ണാടിയിലൂടെ എന്നപോലെ സ്വർഗ്ഗത്തെ ഉറ്റുനോക്കുന്നു. മദ്ബഹാ വിരിമാറ്റൽ സ്വർഗ്ഗം തുറക്കപ്പെടുന്നതിനെ പ്രതീകാത്മകമായ രീതിയിൽ ആവിഷ്കരിക്കുന്നു. ഉത്ഥാനഗീതമാലപിക്കുമ്പോഴാണ് വിരി നീക്കുന്നത്.

**(5) ബലിപീഠം (ത്രോണോസ്)** ദൈവാലയത്തിന് വിശുദ്ധിയും ശ്രേഷ്ഠതയും പ്രദാനം ചെയ്യുന്നത് ബലിപീഠമാണ്. ദൈവാലയം അൾത്താരയെ അലങ്കരിക്കുന്ന കൂടാരമാണ്. വി. കുർബാന ദൈവാലയത്തിൽ സൂക്ഷിക്കാതിരുന്ന കാലത്ത് മിശിഹായെ പ്രതിനിധാനം ചെയ്തിരുന്നത് ബലിപീഠമായിരുന്നു. അഭിഷിക്തനായ മിശിഹായുടെ പ്രതിരൂപം എന്ന നിലയിൽ ബലിപീഠം വിശുദ്ധ തൈലത്താൽ അഭിഷേകം ചെയ്യപ്പെടുന്നു. ബലിപീഠം ഗാഗുൽത്തായേയും അന്ത്യത്താഴ മേശയേയും കർത്താവിന്റെ കബറിടത്തേയും തിരുവുത്ഥാനത്തിന്റെ സ്ഥലത്തേയും ദൈവത്തിന്റെ സിംഹാസനത്തേയും സൂചിപ്പിക്കുന്നു. മദ്ബഹായുടെ കിഴക്കേ ഭിത്തിയോടു ചേർന്നാണ് ബലിപീഠം.

**(6) ബേസ്ഗസ്സാകൾ** മദ്ബഹായിൽ ബലിപീഠത്തിന്റെ ഇരുവശങ്ങളിലുള്ള നിക്ഷേപാലയങ്ങൾ (അപ്പവും വീഞ്ഞും ജലവും സൂക്ഷിക്കുന്ന സ്ഥലം).

**(7) സക്രാരി** പരിശുദ്ധ കുർബാന സൂക്ഷിക്കുന്ന പേടകം. കൂടാരം എന്നർത്ഥമുള്ള ടാബർനാക്കിൾ എന്ന പദത്തിൽനിന്നും.

**(8) ബേസ്ലഹദേ (മർത്തീരിയോൺ)** മദ്ബഹായുടെ വെളിയിൽ രക്തസാക്ഷികളുടെ തിരുശ്ശേഷിപ്പുകൾ സൂക്ഷിക്കുന്ന സ്ഥലം. ആദ്യനൂറ്റാണ്ടിൽ രക്തസാക്ഷികളുടെ തിരുശേഷിപ്പിനു മുകളിൽ പള്ളികൾ പണിയുന്നതിനെ സൂചിപ്പിക്കുന്നു.

**(9) മാമ്മോദീസാ കപ്പേള (തൊട്ടി)** ബലിപീഠം കഴിഞ്ഞാൽ പ്രധാനപ്പെട്ടത് മാമ്മോദീസാത്തൊട്ടിയാണ്. പണ്ട് പ്രധാന ബലിപീഠത്തിനു തെക്കുവശത്ത് പ്രത്യേകം സജ്ജീകൃതമായ കപ്പേളയിൽ സൂക്ഷിച്ചിരുന്ന ഒന്നാണിത്. ബലിപീഠവും മാമ്മോദീസാത്തൊട്ടിയും തമ്മിലുള്ള ബന്ധം ശ്രദ്ധേയമാണ്. മിശിഹായുടെ മരണത്തിലുള്ള പങ്കുചേരലാണ് മാമ്മോദീസാ. ബലിപീഠത്തിൽ വിശുദ്ധ കുർബാനയിൽ അവതരിപ്പിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളും അവ തന്നെ. മാമ്മോദീസായിൽ പുനർജന്മം സിദ്ധിച്ച് ദൈവപുത്രനായി തീർന്നിരിക്കുന്ന ശിശു ദൈവികജീവനിൽ വളരുക അൾത്താരയിലെ ബലിയിൽ പങ്കുചേർന്നാണ്. ദിവ്യകാരുണ്യം അനുഭവിച്ചുകൊണ്ടാണ്.

ഈശോ മാമ്മോദീസാ സ്വീകരിച്ച യോർദ്ദാന്റെ പ്രതീകമാണ് മാമ്മോദീസാത്തൊട്ടി. മദ്ബഹായ്ക്കു വെളിയിൽ അതിനോടു ചേർന്ന് ഇടത്തുവശത്ത്. മാമ്മോദീസാത്തൊട്ടി സഭാമാതാവിന്റെ ഗർഭപാത്രമാണ്.

**(10) ഹൈക്കല.** ഭൂമിയുടെ പ്രതീകം. ആരാധനാസമൂഹം സമ്മേളിക്കുന്നു.

**(11) കെസ്ത്രോമാ.** മദ്ബഹായ്ക്കും ഹൈക്കലായ്ക്കും ഇടയിൽ. സ്വർഗ്ഗത്തേയും ഭൂമിയേയും യോജിപ്പിക്കുന്നു. ഹൈക്കലായിൽനിന്ന് ഒരു പടി ഉയരത്തിൽ. ഗായകസംഘം കെസ്ത്രോമായിലാണ്. സ്വർഗ്ഗത്തിൽ ദൈവത്തെ നിരന്തരം പാടി സ്തുതിക്കുന്ന ക്രോവേന്മാരുടെയും സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും പ്രതീകമാണ് ഗായകസംഘം.

**(12) മോണ്ടളം** ഹൈക്കലായ്ക്കു പിറകിൽ ദൈവാലയത്തിനു വെളിയിൽ. ആദ്യനൂറ്റാണ്ടുകളിൽ അയോഗ്യരായവർക്കും മാമ്മോദീസാർത്ഥികൾക്കും വേണ്ടിയുള്ള സ്ഥലമായിരുന്നു ഇത്.

**(13) ബേമ്മ.** ബേമ്മായുടെ യഥാർത്ഥ സ്ഥാനം ഹൈക്കലായുടെ മദ്ധ്യഭാഗമാണ്. വചനത്തിന്റെ ശുശ്രൂഷ ജനങ്ങൾക്കിടയിലാണ് എന്നു വ്യക്തമാക്കാനാണിത്. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. മൂന്നു പടികളോടുകൂടി സജ്ജീകരിച്ചിട്ടുള്ള ഫ്ളാറ്റ്ഫോം ആണത്. സുവിശേഷ പ്രഘോഷണവേദിയാണ് ബേമ്മ. ബേമ്മ സമൂഹമദ്ധ്യത്തിൽ സ്ഥാപിക്കുന്നതിന്റെ അർത്ഥം ഓർശ്ലേം ഭൂമദ്ധ്യമാണെന്ന സങ്കല്പത്തിലാണ്. ഓർശ്ലത്തിന്റെ പ്രതീകമായ ബേമ്മായും ഹൈക്കലായുടെ മദ്ധ്യത്തിൽ. ബേമ്മായുടെ നടുവിൽ മാർത്തോമ്മാ സ്ലീവായും പഴയനിയമത്തിന്റെയും പുതിയ നിയമത്തിന്റെയും പ്രതീകങ്ങളായ രണ്ടു തിരികളും.

**(14) കെടാവിളക്ക്** മദ്ബഹായിലാണ് കെടാവിളക്കിന്റെ സ്ഥാനം. ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു.

**(15) സങ്കീർത്തി** തിരുവസ്ത്രങ്ങൾ സൂക്ഷിക്കുകയും വൈദികരും ശുശ്രൂഷകരും തിരുവസ്ത്രങ്ങൾ അണിയുകയും ചെയ്യുന്ന സ്ഥലം.

# ബാബു ചാഴികാടൻ ഫൗണ്ടേഷൻ ഓഫ് നോർത്ത് അമേരിക്ക

## ഉദ്ഘാടനം:

# 2010 ജൂലൈ 19, 7 മണിക്ക് ചിക്കാഗോയിൽ

## വിശിഷ്ടാതിഥികൾ



ആർച്ച് ബിഷപ്പ്
മാർ മാത്യു മൂലക്കാട്ട്
(ഉദ്ഘാടനം)



മാർ ജോസഫ്
പണ്ടാരശ്ശേരിൽ
(അനുഗ്രഹ പ്രഭാഷണം)



തോമസ് ചാഴികാടൻ
എം. എൽ. എ.



മോൻസ് ജോസഫ്
എം. എൽ. എ.



മോൺ. അബ്രഹാം
മുത്തോലത്ത്



റവ. ഡോ. മാത്യു
മണക്കാട്ട്



പ്രൊഫ. ബാബു
പൂഴിക്കുന്നേൽ



സിസ്റ്റർ മെറിൻ
എസ്. വി. എം.
മദർ സുപ്പീരിയർ



സിറിയക്
കൂവക്കാട്ടിൽ

## ആശംസ



യശ്ശ:ശരീരനായ ബാബു ചാഴികാടൻ ഇപ്പോഴും ജനഹൃദയങ്ങളിൽ ജീവിക്കുന്നു എന്നതിന്റെ തെളിവാണ് അമേരിക്കയിൽ രൂപീകൃതമായിട്ടുള്ള ബാബു ചാഴികാടൻ ഫൗണ്ടേഷൻ ഓഫ് നോർത്ത് അമേരിക്ക. കേരളത്തിലെ രാഷ്ട്രീയ സാമുദായിക യുവജനപ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു ബാബു ചാഴികാടൻ. കേരളാ കോൺഗ്രസ്സിലെ യുവനേതാക്കളിൽ വളരെ പ്രതീക്ഷയുണർത്തിയ ബാബു ചാഴികാടൻ 1991 ൽ ഐക്യജനാധിപത്യ മുന്നണിസ്ഥാനാർത്ഥിയായി ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിൽ ഏർപ്പെട്ടിരിക്കെ മരണപ്പെട്ടത് കേരളത്തിലെ പൊതുസമൂഹത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. വലിയ ഒരു സുഹൃത് വലയത്തിന്റെ ഉടമയായിരുന്നു ബാബു. കേരളത്തിൽ വിവിധ കർമ്മ പരിപാടികൾക്ക് നേതൃത്വം നൽകിയ ബാബു ചാഴികാടൻ ഫൗണ്ടേഷന്റെ മാതൃകയിൽ, ബാബുവിനോടൊപ്പം വിവിധ രംഗങ്ങളിൽ അടുത്ത് പ്രവർത്തിച്ചിട്ടുള്ള സമർത്ഥരായ ഏതാനും ചെറുപ്പക്കാർ ജോസ് കണിയാലിയുടെ നേതൃത്വത്തിൽ അമേരിക്കയിൽ സംഘടിപ്പിച്ചിരിക്കുന്ന ഈ പ്രസ്ഥാനത്തിന് സർവ്വ വിജയങ്ങളും ഞാൻ ആശംസിക്കുന്നു. ബാബു ചാഴികാടന്റെ സ്മരണ ശാശ്വതീകരിക്കുന്നതിനോടൊപ്പം വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിനും പ്രത്യേകിച്ച് യുവതലമുറയ്ക്കും ജനാധിപത്യ നേതൃത്വപരിശീലനത്തിനും സ്വഭാവ രൂപീകരണത്തിനും പുതിയ വെളിച്ചം പകരുവാൻ ഈ പ്രസ്ഥാനത്തിന് കഴിയട്ടെയെന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

**കെ. എം. മാണി എം. എൽ. എ.**
**(രക്ഷാധികാരി)**

## ഫൗണ്ടേഷൻ ഭാരവാഹികൾ



ഡെന്നി ഊരാളിൽ
(വൈസ് പ്രസിഡന്റ്)



ചാക്കോ മറ്റത്തിപറമ്പിൽ
(ജോയിന്റ് സെക്രട്ടറി)



ജോയി നെടിയകാലായിൽ
(ട്രഷറർ)

## സ്വാഗതം



ജൂലൈ 19 -ാം തീയതി തിങ്കളാഴ്ച വൈകിട്ട് 7 മണിക്ക് ചിക്കാഗോ ക്നാനായ കാത്തലിക് കമ്മ്യൂണിറ്റി സെന്ററിൽ വച്ച് ബാബു ചാഴികാടൻ ഫൗണ്ടേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ ഔപചാരികമായ ഉദ്ഘാടനം അഭിവന്ദ്യ മൂലക്കാട്ട് പിതാവ് നിർവഹിക്കുകയാണ്. കേരളത്തിലും അമേരിക്കയിലുമുള്ള നിരവധി പ്രശസ്ത വ്യക്തികളുടെ സാന്നിദ്ധ്യം ഈ സമ്മേളനത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. വടക്കേ അമേരിക്കയിലെ സാമുദായിക രാഷ്ട്രീയ രംഗത്ത് നേതൃത്വം നൽകുന്ന നിരവധി വ്യക്തികൾ ആശംസാ പ്രസംഗം നടത്തും. സമ്മേളനത്തോടനുബന്ധിച്ച് വൈവിദ്ധ്യമാർന്ന കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരിക്കും. മൂല്യാധിഷ്ഠിത രാഷ്ട്രീയ പ്രവർത്തന ശൈലിയുടെ ഉടമയായിരുന്ന ബാബു ചാഴികാടന്റെ നാമത്തിൽ തുടക്കം കുറിച്ചിരിക്കുന്ന ഈ ഫൗണ്ടേഷൻ വടക്കേ അമേരിക്കൻ മലയാളി സമൂഹത്തിൽ ഒരു നാഴികക്കല്ലായി മാറുന്നകാലം വിദൂരമല്ല. ഈ സമ്മേളനത്തിന്റെ ഗ്രാന്റ് സ്പോൺസർ സിറിയക് കൂവക്കാട്ടിലാണ്. ഫൗണ്ടേഷന്റെ വരുംകാല പ്രവർത്തനങ്ങൾക്ക് ഏവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. ജൂലൈ 19-ാം തീയതിയിലെ ഉദ്ഘാടന സമ്മേളനത്തിലേക്ക് ഏവർക്കും ഹൃദ്യമായ സ്വാഗതം.

**ജോസ് കണിയാലി**
**(പ്രസിഡന്റ്)**

## എളിയ തുടക്കം



ചിക്കാഗോ ആസ്ഥാനമായി രൂപീകരിച്ച ബാബു ചാഴികാടൻ ഫൗണ്ടേഷന്റെ എളിയ തുടക്കം വരുംകാലങ്ങളിൽ സംക്രമണത്തിന്റെ നീല ജ്വാലയായി മാറും എന്ന കാര്യത്തിൽ സംശയമില്ല. 1970-80 കാലഘട്ടത്തിൽ ബാബുവിനോടൊപ്പം സാമുദായിക രാഷ്ട്രീയരംഗങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളുമാണ് ഈ ഫൗണ്ടേഷൻ രൂപീകരണത്തിൽ മുന്നിട്ടുപ്രവർത്തിച്ചിട്ടുള്ളത്. മലയാളി സമൂഹത്തിന് ഗുണകരമായ ഏത് കാര്യത്തിനും സജീവമായി പ്രവർത്തിക്കാൻ ഫൗണ്ടേഷൻ പ്രതിജ്ഞാബദ്ധമാണ്. ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രം പറയുകയും പറയുന്ന കാര്യങ്ങൾ ചെയ്യുകയും ചെയ്യുക എന്നതാണ് ഫൗണ്ടേഷന്റെ പ്രവർത്തന ശൈലി. ഞങ്ങൾക്ക് പ്രോത്സാഹനങ്ങളും പിന്തുണയും നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സുമനസ്സുകൾക്കും ഒരിക്കൽക്കൂടി നന്ദി.

**ജോർജ് തോട്ടപ്പുറം**
**(ജനറൽ സെക്രട്ടറി)**

## ഡയറക്ടർ ബോർഡ് അംഗങ്ങൾ

*Sponsored Advt.*



*ജോർജ് നെല്ലാമറ്റം*



*പീറ്റർ ചാഴികാട്ട്*



*ജീനോ കോതാലടിയിൽ*



*ജസ്റ്റിൻ ചാമക്കാല*



*സണ്ണി ഇണ്ടിക്കുഴി*



*ബാബു പടവത്തിൽ*



*തമ്പി ചാഴികാട്ട്*

| READINGS & READERS | കൈത്താക്കാലം / ദൈവാലയ കൂദാശ | | |
|---|---|---|---|
| July 18 | PASSAGE | SACRED HEART | ST. MARY'S UNIT |
| 1st Reading | 1 King 6: 1-19 | No Mass | Maya Palliveettil |
| 2nd Reading | 1 Thessalonians 4: 1-8 | No Mass | Joice Mattathikunnel |

| READINGS & READERS | കൈത്താക്കാലം | | |
|---|---|---|---|
| July 25 | PASSAGE | SACRED HEART | ST. MARY'S UNIT |
| 1st Reading | Isaiah 5: 1-7 | James Naduveettil | Anitha Chavarattu |
| 2nd Reading | 2 Cor 7: 1-11 | Santha Valacheril | John Pattappathy |

**For Favors Received**



- One faithful



Photo above: Former trustees of Maywood handing over keys and registers. Photo below: New parish executive of Maywood taking charge.



| OFFERINGS | July 11 |
|---|---|
| **ST. MARY'S:** Regular Mass | 270.00 |
| Facility Usage | 8,350.00 |
| Building Fund | 3,000.00 |
| Bench Sponsors | 14,000.00 |
| Piggy Bank | 3,500.00 |
| **TOTAL ST. MARY'S** | **29,120.00** |
| Regular Offering | 1,430.00 |
| Facility Usage | 850.00 |
| Women Ministry (Birthday) | 50.00 |
| Guadalupe Shrine | 66.00 |
| Bulletin Donation | 1,150.00 |
| Building Fund | 100.00 |
| **TOTAL MAYWOOD** | **3,646.00** |
| Agape Store Donation | 82.00 |
| **TOTAL AGAPE** | **82.00** |

## CONGRATULATIONS TO THE NEW PARISHES AND PASTORS



**St. Mary's Knanaya Catholic Parish of Detroit**
**And its Pastor Rev. Fr. Mathew Meledath**

**St. Anthony's Knanaya Catholic Church, San Antonio**
**And its Pastor Rev. Fr. James Cheruvil**




YOU INVITE THE GUESTS, WE DO THE REST

Malabar

Catering &Carry-out

**Professional with 11 years experience in catering.**

Call

**WILLIAM GEORGE**

911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

WE ARE COMMITTED TO EXCELLENCE

COMING TOGETHER TO SERVE YOU BETTER

Sofi Lukose Puthenpurayil
(Loan Officer)
Lincolnwood Mortgage Services
4039 W. Main St. Skokie, IL 60076
Cell: 847-894-7486
Office: 847-674-1600
Fax: 847-674-1608
Email: lukose5@aol.com



Cyriac Lukose Puthenpurayil, Msc
Broker Associate
REMAX 1st Class Realty
3949 W. Dempster, Skokie, IL 60076
Cell: 847-877-2870
Office: 847-674-9797
Fax: 847-674-0411
Email: lukose5@aol.com

RESIDENTIAL & COMMERCIAL

MLS

Each Office Independently Owned and Operated

RE/MAX 1st Class Realty

*Your Rehab Specialists*

**Pro-Rehab Services, P.C.**

&

Choicecare Home Health, Inc.

CHOICE CARE Home Health Inc.

Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

